"ഭരണ ഭാഷ - മാതൃഭാഷ"

നം.എസ്3(ബി)/247764/ഡിജിഇ/2021.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 07.06.2021.

## സർക്കുലർ

വിഷയം: സമഗ്ര ശിക്ഷാ കേരളം - UDISE- 2020-21 വിവരശേഖരണം -സംബന്ധിച്ച്.

സൂചന: 1) കേന്ദ്ര വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ 22/03/2021-ലെ S.61011/1/2021/Statistical Bureau നമ്പർ കത്ത്.

2) SSK സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ 03/06/2021 ലെ P1/3172/2020/SSK(1) നമ്പർ കത്ത്.

**********

സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ റാങ്കിംഗ്, നീതി ആയോഗ് റാങ്കിംഗ്, എസ്.ഡി.ജി റാങ്കിംഗ് എന്നിവക്കൊക്കെ ആധാരമാക്കുന്ന, സ്കൂൾ വിദ്യാഭ്യാസത്തെ സംബന്ധിച്ച കേന്ദ്ര വിദ്യാഭ്യാസ വകുപ്പിന്റെ സമഗ്ര വിവരശേഖരമാണ് UDISE . ആയതുകൊണ്ടുതന്നെ സമഗ്രവും കൃത്യതയാർന്നതുമായ വിവരശേഖരണവും, UDISE പോർട്ടലിൽ രേഖപ്പെടുത്തുന്നതും സമയബന്ധിതമായി നടപ്പാക്കേണ്ടതുണ്ട്.

സൂചന (1) പ്രകാരം, U-DISE ന്റെ 2020-21 വർഷത്തെ വിവരശേഖരണം 2021 മാർച്ച് 31ന് മുമ്പ് പൂർത്തിയാക്കാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ നിയമസഭാ തെരഞ്ഞെടുപ്പ്, പൊതുപരീക്ഷകൾ, കോവിഡ്-19 വ്യാപനംമൂലമുള്ള ലോക്ഡൗൺ എന്നിവമൂലം പ്രസ്തുത പ്രവർത്തികൾ ആരംഭിക്കുവാൻ കഴിഞ്ഞില്ല. ആയതിനാൽ ചുവടെ നൽകുന്ന സമയക്രമം പാലിച്ച് 2021 ജൂൺ 25-ന് മുൻപായി UDISE- 2020-21 വിവരശേഖരണം പൂർത്തിയാക്കൽ സമഗ്രശിക്ഷാ കേരളം ലക്ഷ്യമിടുന്നു.

1. UDISE ഡാറ്റ ക്യാപ്ച്ചർ ഫോർമാറ്റ് (DCF)പൂരിപ്പിക്കുന്നത് സംബന്ധിച്ച് സ്കൂൾ പ്രിൻസിപ്പാൾമാർ/പ്രഥമാധ്യാപകർ, ഒരു അധ്യാപിക/അധ്യാപകൻ എന്നിവർക്ക് ബി.ആർ.സി തലത്തിൽ ഏകദിന പരിശീലനം നൽകുന്നതാണ്. അതാത് സ്ഥലങ്ങളിലെ കോവിഡ് വ്യാപന സാഹചര്യം പരിഗണിച്ച് ഓൺലൈനായോ, നേരിട്ട് പങ്കെടുക്കുന്ന നിലയിലോ പരിശീലനം സംഘടിപ്പിക്കുന്നതാണ്. പങ്കെടുക്കുന്നവരുടെ എണ്ണം ക്രമീകരിച്ച് 2021 ജൂൺ 7, 8, 9 തീയതികളിലായി പരിശീലനം പൂർത്തിയാക്കുന്നതാണ്.

2. മുൻവർഷത്തെ (2019-20) ഡാറ്റ ഉൾപ്പെടുത്തിയ (പ്രീഫിൽഡ്) ഡാറ്റ ക്യാപ്ചർ ഫോർമാറ്റ് (DCF)2021 ജൂൺ 10ന് മുൻപ് സ്കൂളുകളിൽ എത്തിക്കുന്നതാണ്.

3. DCFപൂരിപ്പിക്കുന്ന പ്രവർത്തികൾ സ്കൂൾതലത്തിൽ 2021 ജൂൺ 11 ന് ആരംഭിച്ച് ജൂൺ 15 ന് പൂർത്തിയാക്കേണ്ടതാണ്.

4. സ്കൂളുകൾ പൂരിപ്പിച്ചു നൽകുന്ന DCFകളുടെ ഡാറ്റ എൻട്രി 2021 ജൂൺ 20 ന് മുൻപ് ബി.ആർ.സി കൾ പൂർത്തിയാക്കുന്നതാണ്.

5. ഡേറ്റ എൻട്രി പൂർത്തിയാക്കി ഓരോ സ്കൂളിന്റെയും 2021-21 ലെ U-DISE ഡേറ്റാ ഷീറ്റുകൾ പ്രിന്റ് എടുത്ത് ബി.ആർ.സി തലത്തിൽ ജൂൺ 21 മുതൽ 24 വരെ തീയതികളിൽ പരിശോധിച്ച് കൃത്യത ഉറപ്പാക്കുന്നതാണ്. ആയതിലേക്ക് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ/പ്രധാനാധ്യാപകർ, അധ്യാപിക/അധ്യാപകൻ എന്നിവരിൽ ഒരാളുടെ നേരിട്ടുള്ള/ഓൺലൈൻ സാന്നിദ്ധ്യം ഉണ്ടാകേണ്ടതുണ്ട്.

6. UDISE വിവരശേഖരണവുമായി ബന്ധപ്പെട്ട് ബി.ആർ.സി കളിൽ നടക്കുന്ന പരിശീലനങ്ങൾ/യോഗങ്ങൾ എന്നിവയിൽ നേരിട്ട് പങ്കെടുക്കുന്നവർക്ക് കെ.എസ്.ആർ പ്രകാരമുള്ള യാത്രാപ്പടിക്ക് അർഹത ഉണ്ടായിരിക്കും.

മേൽ വിവരിച്ച സമയക്രമം പാലിച്ച് 2020-21 വർഷത്തെ വിവരശേഖരണ പ്രവർത്തനങ്ങൾ കൃത്യതയോടെയും സമയബന്ധിതവുമായി പൂർത്തിക്കുവാൻ വേണ്ട നടപടികൾ എല്ലാ വിദ്യാലയങ്ങളുടെയും പ്രിൻസിപ്പാൾമാർ/പ്രഥമാധ്യാപകർ സ്വീകരിക്കേണ്ടതാണ്.

സി.എ.സന്തോഷ്
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)

എല്ലാ പ്രിൻസിപ്പാൾമാർക്കും/പ്രഥമാദ്ധ്യാപകർക്കും.

പകർപ്പ്:- വിദ്യാഭ്യാസ ഉപഡയറക്ടർ/
ജില്ലാ വിദ്യാഭ്യാസ ഓഫീസർ/
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ.

ആർ.കെ. 7.6